# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 349** **27.09.2016- ൽ മറുപടിക്ക്**

**കൈത്തറി സംഘങ്ങൾക്ക് ആർ.ആർ.ആർ.പാക്കേജ്**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് ആർ.ആർ.ആർ (RRR) പാക്കേജ് വഴി അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ തുക വിതരണം ചെയ്യാൻ കഴിയാത്തത്; | (എ) സംസ്ഥാനത്തെ 357 കൈത്തറി സംഘങ്ങൾക്ക് റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് (ആർ.ആർ.ആർ)പാക്കേജ് വഴി അനുവദിച്ച തുകയിൽ തിരുവനന്തപുരം ജില്ലയിലെ 226 കൈത്തറി സംഘങ്ങൾ ഉള്ളതിൽ 18 സംഘങ്ങൾ ഒഴികെ ബാക്കി എല്ലാ സംഘങ്ങൾക്കും ആർ.ആർ.ആർ പാക്കേജ് വഴിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്കെതിരെ വിജിലൻസ് എൻക്വയറി നടക്കുന്നതിനാലാണ് തുക വിതരണം ചെയ്യാത്തത് .ടി സംഘങ്ങൾക്കെതിരെ ബഹു.കേരള ലോകായുക്തയിലും കേസ് നിലവിലുണ്ട്. |
| (ബി) യഥാസമയം തുക വിതരണം ചെയ്യാത്തത് ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെ തന്നെ തകർക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഉണ്ട്. ബഹു.കേരള ലോകായുക്തയിൽ നിലനിൽക്കുന്ന പരാതി തീർപ്പാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) ഈ സംഘങ്ങൾക്ക് യഥാസമയം തുക വിതരണം ചെയ്യാത്തതുമൂലം ഓണക്കാല മുൾപ്പെടെയുള്ള വിപണി അനുകൂല സാഹചര്യം മുതലാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;വിശദമാക്കുമോ? | (സി) സംഘങ്ങളുടെ ഓണക്കാല വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. ഹാന്റക്സിന്റെ വിവിധ ഷോറൂമുകളിലൂടെ റിബേറ്റ് ആനുകൂല്യം നൽകി പ്രസ്തുത സംഘങ്ങളിൽ നിന്നും സംഭരിച്ച കൈത്തറി തുണിത്തരങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ